**ക്രമപ്രശ്നം**

ചോദ്യങ്ങൾക്ക് മറുപടി നൽകുന്നതിൽ കാലതാമസം

ശ്രീ. പി. സി. ജോർജ്: സർ, നമ്മുടെ അംഗങ്ങൾ ചോദ്യം ചോദിച്ചാൽ ഉത്തരം പറയാനുള്ള ബാധ്യത മന്ത്രിമാർക്കുണ്ട്. നമ്മുടെ റൂൾസ് ആന്റ് പ്രൊസീഡ്യുവർ അനുസരിച്ച് " 27- Unless the Speaker otherwise directs, not less than [ten] clear days notice of a question shall be given" ഇതാണ് questions and short notice question Rule 27 പറയുന്നത്. റൂൾ 47(2) " If an answer to a question is not given in time as specified in sub rule(1) of if the given answer is an interim reply, the final reply as the case may be to that question shall be given at the earliest but not later than fifteen days from the date on which question is placed in the list. ഇതാണ് നമ്മുടെ റൂൾസ് ആന്റ് പ്രൊസീഡ്യുവറിൽ പറയുന്നത്. ഇപ്പോൾ നമ്മുടെ മന്ത്രിമാർ അവർ എം.എൽ.എ.-മാരായിട്ടല്ല ഇവിടെ വന്നതെന്ന് എനിക്ക് തോന്നുന്നു. അവർ നേരെ സ്വർഗ്ഗത്തിൽ നിന്ന് പൊട്ടിവീണ മന്ത്രിയാണെന്നാണ് ഇവരുടെ തോന്നൽ എന്നെനിക്ക് തോന്നുന്നു. ഒരു മന്ത്രിയെയും വ്യക്തിപരമായി അപമാനിക്കാൻ ഞാൻ ആഗ്രഹിക്കുന്നില്ല. ഒരു

കാര്യം- ഇവർ സ്ഥിരമായി ഡിലേയുള്ള സ്റ്റേറ്റ്മെന്റ് കൊടുക്കുകയാണ്. ആ ഡിലേ സ്റ്റേറ്റ്മെന്റ് മുഴുവൻ ഒരുപോലെയാണ്. ഞാൻ ചൊവ്വാഴ്ചത്തേത് നോക്കി അന്ന് 45 ഡിലേ സ്റ്റേറ്റ്മെന്റാണ് മന്ത്രിമാർ തന്നിരിക്കുന്നത്. ഇന്നലത്തെ നോക്കിയപ്പോൾ 55 ഡിലേ സ്റ്റേറ്റ്മെന്റാണ്. രണ്ടും എന്റെ കൈയിലിരിപ്പുണ്ട്. മന്ത്രിയുടെ പേര് പറയാതെ അതിലെ ഒരു ഡിലേ സ്റ്റേറ്റ്മെന്റ് ഞാൻ പറയാം, പതിനാലാം കേരള നിയമസഭയുടെ രണ്ടാം സമ്മേളനത്തിൽ 17-10-2016-ലെ മറുപടി നൽകേണ്ടിയിരുന്ന 2771-ാം നമ്പർ ചോദ്യത്തിന് ബി, സി, ഡി ഇവയ്ക്ക് ഭരണപരമായ കാരണത്താലാണ് യഥാസമയം മറുപടി നൽകാതിരുന്നത്. ആയതിനാൽ ബോധപൂർവ്വമായി യാതൊരു കാലതാമസവും വരുത്തിയിട്ടില്ല. ഇതുപോലെയാണ് മുഴുവനും. മന്ത്രിമാർക്ക് എന്തുപറ്റി? ഇത് അനുവദിക്കാൻ പറ്റില്ല. 05.12.2018-ൽ മുഖ്യമന്ത്രിക്ക് നൽകിയ ചോദ്യമാണ്. അതിനും മറുപടി വന്നിട്ടില്ല. അതുപോലെ 55 എണ്ണം എന്റെ കയ്യിലുണ്ട്. ഇന്നലെ വന്നതിനകത്ത് നിയമസഭയുടെ അഞ്ചാം സമ്മേളനത്തിൽ 26-04-2017-ൽ മറുപടി പറയേണ്ടതിൽ ക്ഷമിക്കണമെന്ന് പറഞ്ഞ് കത്ത് തന്നിരിക്കുകയാണ്. ഇതെല്ലാം കുടിക്കിടക്കുകയാണ് ഇവിടെ. ഇതെന്തൊരു ന്യായമാണ്. വിവരാവകാശപ്രകാരം ഒരു ചോദ്യം കൊടുത്താൽ മുപ്പതാം ദിവസം

ഇതിനെല്ലാം ഉത്തരംകിട്ടും. ഉത്തരം തന്നില്ലെങ്കിൽ വകുപ്പ് സെക്രട്ടറി 25,000/- രൂപ ഫൈൻ അടയ്ക്കേണ്ടി വരും. ആ നിയമം ഈ സംസ്ഥാനത്തുള്ളപ്പോഴാണ് മന്ത്രിമാർ തിമില കളിക്കുന്നത്. ഇതെന്താണ്? നിയമസഭയെ നോക്കുകുത്തിയാക്കുകയാണോ? മന്ത്രിമാർ അവരുടെ കടമ നിർവ്വഹിക്കണ്ടേ. നിങ്ങൾ ഓഫീസിൽ ചോദ്യത്തിന് ഉത്തരമുണ്ടാക്കുന്നതിന് ഒരു ഉദ്യോഗസ്ഥനെ ചുമതലപ്പെടുത്തണ്ടേ; ആ ഉദ്യോഗസ്ഥന്റെ ബാധ്യതയല്ലേയിത്? ഇതുപോലെ അംഗങ്ങളെ അപമാനിക്കരുത്. ഒരാളുടേയും പേര് ഞാൻ വായിക്കുന്നില്ല. എല്ലാ മന്ത്രിമാരും ഇതിനകത്തുണ്ട്. ഇനിയെങ്കിലും ഞങ്ങളെയും നിയമസഭയെയും അപമാനിക്കുന്ന ഈ പരിപാടി നിർത്തിവയ്ക്കാൻ അങ്ങ് ശക്തമായ് റൂളിംഗ് നൽകണമെന്ന് ഞാൻ ആവശ്യപ്പെടുകയാണ്.

**റൂളിംഗ്**

<u>മി. സ്പീക്കർ</u>: ബഹുമാനപ്പെട്ട അംഗം ചൂണ്ടിക്കാണിച്ച പ്രശ്നം വളരെ ഗൗരവവും ഗുരുതരവുമാണ്. നേരത്തെ തന്നെ ഇത്തരം പ്രശ്നം ഉന്നയിക്കപ്പെട്ട സാഹചര്യത്തിൽ ബഹുമാനപ്പെട്ട മന്ത്രിമാർ അവരവരുടെ ഓഫീസുകളിലും ബന്ധപ്പെട്ട വകുപ്പ് തലത്തിലും ഉത്തരങ്ങൾ കൃത്യസമയത്ത് ലഭ്യമാക്കാനുള്ള

നടപടികൾ സ്വീകരിക്കണമെന്ന് റൂൾ ചെയ്തിരുന്നു. ആ റൂളിംഗിന്റെ അടിസ്ഥാനത്തിൽ വലിയ മാറ്റങ്ങൾ ഉണ്ടായിട്ടുണ്ടെന്നതും ശരിയാണ്. എന്നാലും ഡിലേ സ്റ്റേറ്റ്മെന്റ് കൊടുക്കുന്ന രീതിയുണ്ടെന്ന് അങ്ങ് പറഞ്ഞത് ശരിയാണ്. അങ്ങ് പറഞ്ഞ കാര്യം ശരിയാണെങ്കിലും അതിന്റെ അടിയിലുള്ള കാര്യംകൂടി ഞാൻ അങ്ങയുടെ ശ്രദ്ധയിൽപ്പെടുത്തുകയാണ്. ഒരു ചോദ്യത്തിനുള്ള മറുപടി അതൊരു ഇടക്കാല മറുപടിയാണെങ്കിൽ പ്രസ്തുത ചോദ്യത്തിനുള്ള അന്തിമ മറുപടി എത്രയും നേരത്തെ നൽകേണ്ടതുണ്ട്. എന്നാൽ ആ ചോദ്യം ലിസ്റ്റിൽ ചേർത്ത തീയതി മുതൽ പതിനഞ്ച് ദിവസം വൈകാൻ പാടില്ലാത്തതുമാണ് ഇതാണ് അങ്ങ് ചൂണ്ടിക്കാണിച്ചത്. അതിന്റെ അടിയിൽ ഇത്തരം ചോദ്യങ്ങൾ ഉപചട്ടം (2) കീഴിൽ നിർദ്ദേശിച്ചിട്ടുള്ള സമയപരിധിയ്ക്കുള്ളിൽ നൽകാൻ കഴിയാത്തപക്ഷം ബന്ധപ്പെട്ട മന്ത്രി അതിന്റെ കാരണങ്ങൾ വിശദീകരിച്ചുകൊണ്ടൊരു പ്രസ്താവന നടപ്പുസമ്മേളനത്തിലോ അല്ലെങ്കിൽ സഭയുടെ അടുത്ത സമ്മേളനത്തിലോ ഏതാണോ ആദ്യംവരുന്നത് അതിൽ മേശപ്പുറത്ത് വയ്ക്കേണ്ടതാണ്. അപ്പോൾ ഡിലേ സ്റ്റേറ്റ്മെന്റ് എന്ന് പറയുന്നത് സഭയോടുള്ള ഒരു അറിയിപ്പാണ് ആദരവാണ് അങ്ങനെയും കാണണം. ഏതായാലും അനന്തമായ ഡിലേ അംഗീകരിക്കാനാകില്ല.

ബഹുമാനപ്പെട്ട അംഗം ചൂണ്ടിക്കാണിച്ച പ്രശ്നം ഗൗരവമായി പരിശോധിക്കും. ഒരു റിവ്യൂ നടത്തി ഈ സഭയെ അറിയിക്കും. മുൻകാലങ്ങളിൽനിന്നും വ്യത്യസ്തമായ മാറ്റങ്ങളുണ്ട് എന്ന് അംഗീകരിച്ചുകൊണ്ടുതന്നെ ഇതിൽ വരുന്ന അപാകത പരിഹരിക്കാനുള്ള നടപടികൾ സ്വീകരിക്കണമെന്ന് വീണ്ടും ചെയർ റൂൾ ചെയ്യുകയാണ്.